(സി) 16 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) 394, 477, 34 ഐ.പി.സി. വകുപ്പുകൾ പ്രകാരം.

(എഫ്) ഇല്ല.

(ജി) പ്രതികൾ ഒളിവിലായതിനാൽ അറസ്റ്റ് ചെയ്തിട്ടില്ല.

പ്രസന്നകുമാരി ദുരൂഹ സാഹചര്യത്തിൽ മരണമടഞ്ഞ സംഭവം

68 (4503) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 4-2-2003-ന് കൊല്ലം ജില്ലയിൽ ശൂരനാട് പോലീസ് സ്റ്റേഷൻ അതിർത്തിയിൽ ആനയടി മുറിയിൽ മുകളയത്ത് വീട്ടിൽ ആർ. പ്രസന്നകുമാരി ദുരൂഹ സാഹചര്യത്തിൽ മരണമടഞ്ഞത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് ഇതുവരെയുള്ള പോലീസ് നടപടികളുടെ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ഇത് സംബന്ധിച്ച് ആരെങ്കിലും പരാതി നൽകിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച് എന്തൊക്കെ നടപടികൾ ഇതുവരെ സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(ഇ) ഇത് സംബന്ധിച്ച് ക്രൈംബ്രാഞ്ച് അന്വേഷണം നടത്തുന്നതിന് എന്തൊക്കെയാണ് തടസ്സം എന്ന് വെളിപ്പെടുത്തുമോ ;

(എഫ്) പ്രസ്തുത മരണം സംബന്ധിച്ച് പോസ്റ്റുമോർട്ടം റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി-ഡി) പ്രസന്നകുമാരിയുടെ മരണം സംബന്ധിച്ച് സഹോദരൻ രാജേന്ദ്രൻ ശൂരനാട് പോലീസ് സ്റ്റേഷനിൽ ഹാജരായി നൽകിയ മൊഴിയുടെ അടിസ്ഥാനത്തിൽ 4-2-2003-ൽ ക്രൈം 40/03 നമ്പരായി സെക്ഷൻ 174 സി.ആർ.പി.സി. പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയതിൽ ഐ.പി.സി. 498 (എ) വകുപ്പുപ്രകാരമുള്ള കുറ്റകൃത്യം നടന്നിട്ടുള്ളതായി വെളിവായതിന്റെ അടിസ്ഥാനത്തിൽ പ്രസന്നകുമാരിയുടെ ഭർത്താവ് വസുന്ധരനെ പ്രതിയായി 16-6-2003-ൽ ടി കേസിന്റെ ചാർജ്ജ് ഷീറ്റ് ശാസ്താംകോട്ട ജെ.എഫ്.എം.സി. മുമ്പാകെ ഹാജരാക്കിയിട്ടുണ്ട്. ടിയാൻ കോടതിയിൽ നിന്നും ജാമ്യത്തിൽ പോയിട്ടുണ്ട്.

(ഇ) ലോക്കൽ പോലീസ് അന്വേഷണം പൂർത്തിയാക്കി ചാർജ്ജ് ഷീറ്റ് കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്.

(എഫ്) അനുബന്ധമായി സമർപ്പിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly